ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഏഷ്യൻ ഗെയിംസിൽ 100 മെഡലുകൾ എന്ന് ചരിത്ര നേട്ടവുമായി ഇന്ത്യ ; അഭിമാന മുഹൂർത്തമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുരുഷ വിഭാഗം ക്രിക്കറ്റ് ഫൈനലിൽ ടോസ് നേടിയ ഇന്ത്യ – അഫ്ഗാനിസ്ഥാനെ ബാറ്റിംഗിന് അയച്ചു.

   **Asian Games: India's medal tally reaches 100; PM Narendra Modi congratulates Indian contingent at Asian Games; India won the toss and sent Afghanistan to bat in the men's cricket final.**

2. ജി.എസ്.ടി. കൗൺസിലിൻറെ 52-ാമത് യോഗം ന്യൂഡൽഹിയിൽ തുടരുന്നു ; അപ്പലേറ്റ് ട്രൈബ്യൂണൽ വിഷയം യോഗം ചർച്ച ചെയ്യേക്കും.

   **GST 52nd meeting of Council continues in New Delhi; meeting may discuss the matter of Appellate Tribunal.**

3. 49-ാമത് അഖിലേന്ത്യാ പൊലീസ് സയൻസ് കോൺഗ്രസ് ഇന്ന് ഡെറാഡൂണിൽ ; കേന്ദ്രമന്ത്രി അമിത് ഷാ പങ്കെടുക്കും. ഇടതു തീവ്രവാദം രണ്ട് വർഷത്തിനുള്ളിൽ പൂർണമായി ഇല്ലാതാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി.

   **49th All India Police Science Congress today in Dehradun; Union Minister Amit Shah will attend. Union Home Minister says that left-wing extremism will be completely eradicated within two years.**

4. സ്വതന്ത്രവും നീതിയുക്തവും സമഗ്രവുമായ വോട്ടെടുപ്പ് ഉറപ്പുവരുത്താൻ പരമാവധി ശ്രമിക്കണമെന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകരോട് മുഖ്യ തെരഞ്ഞെടുപ്പ്

കമ്മീഷണർ.

**The Chief Election Commissioner asked the election observers to do their best to ensure a free, fair and comprehensive poll.**

5. 2000 രൂപ നോട്ടുകൾ ബാങ്കുകളിലൂടെ മാറ്റിയെടുക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   **The deadline for exchange of Rs 2000 notes through banks ends today.**

6. സിക്കിമിൽ പ്രളയത്തെ തുടർന്ന് കാണാതായ 141 പേർക്ക് വേണ്ടിയുള്ള തെരച്ചിൽ തുടരുന്നു. മരണം 27 ആയി.

   **Search continues for 141 people missing after floods in Sikkim. The death toll is 27.**

7. ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ ആദ്യ മത്സരം നാളെ. എതിരാളി ഓസ്ട്രേലിയ.

   **India's first match in world cup cricket tomorrow. Opponent Australia.**

****************************************

## HEADLINE – 1

## ASIAN GAMES – 100 MEDALS

ഏഷ്യൻ ഗെയിംസിൽ ചരിത്രമെഴുതി ഇന്ത്യ. ഗെയിംസ് നാളെ അവസാനിക്കാനിരിക്കെ ഇന്ത്യയുടെ മെഡൽ നേട്ടം നൂറായി. ഇതാദ്യമായാണ് ഏഷ്യൻ ഗെയിംസിൽ ഇന്ത്യ 100 മെഡൽ നേടുന്നത്. വനിതാ കബഡി ടീമിൻറെ സ്വർണ്ണ നേട്ടത്തോടെയാണ് ഇന്ത്യ 100 മെഡൽ എന്ന നേട്ടം കൈവരിച്ചത്. ചൈനീസ് തായ്പേയിയെ ഫൈനലിൽ 26-25 എന്ന സ്കോറിന് തോൽപ്പിച്ചാണ് ഇന്ത്യൻ വനിതകൾ സ്വർണ്ണം കരസ്ഥമാക്കിയത്. ഇന്ന് നടന്ന പുരുഷ വിഭാഗം അമ്പെയ്ത്ത് ഫൈനലിൽ ഇന്ത്യയുടെ ഓജസ് പ്രവീൺ ദേവ്ത്തലെയ്ക്ക് സ്വർണം. ഈ വിഭാഗത്തിൽ അഭിഷേക് വർമ വെള്ളി നേടി. അമ്പെയ്ത്ത് വ്യക്തിഗത മത്സരത്തിൽ ജ്യോതി സുരേഖ സ്വർണ്ണം കരസ്ഥമാക്കി. ഇതേ വിഭാഗത്തിൽ അദിതി ഗോപീചന്ദിന് വെങ്കലം ലഭിച്ചു. ഗുസ്തി വിഭാഗത്തിൽ

86 കിലോ പുരുഷ വിഭാഗം ഫ്രീ സ്റ്റൈലിൽ ദീപക് പുനിയ ഫൈനലിൽ കടന്നു.

**********************************

# HEADLINE – 1 (A)

## ASIAN GAMES - PM

ഏഷ്യൻ ഗെയിംസിൽ 100 മെഡലുകൾ നേടിയ ഇന്ത്യൻ സംഘത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇത് നിർണായക നേട്ടമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു. 100 മെഡലുകളുടെ ശ്രദ്ധേയമായ നാഴികക്കല്ലിലെത്തിയതിന്റെ സന്തോഷത്തിലാണ് ഇന്ത്യയിലെ ജനങ്ങൾ എന്നും അദ്ദേഹം പറഞ്ഞു.

**********************************

## PM - KABADDI

ഏഷ്യൻ ഗെയിംസിൽ സ്വർണം കരസ്ഥമാക്കിയ വനിതാ കബഡി ടീമിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഗെയിംസിലെ ചരിത്ര നിമിഷമാണിതെന്ന് ശ്രീ നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. വനിതാ താരങ്ങളുടെ നേട്ടത്തിൽ രാജ്യം അഭിമാനിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

**********************************

## PM – ARCHERY MEDALISTS

ഏഷ്യൻ ഗെയിംസിൽ മൂന്നാം സ്വർണം കരസ്ഥമാക്കിയ ജ്യോതി സുരേഖ വെന്നമിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ജ്യോതി സുരേഖയുടെ അർപ്പണബോധവും പ്രാവീണ്യവും അഭിമാനം ഉണർത്തുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പുരുഷ വിഭാഗം അമ്പെയ്ത്ത് മത്സരത്തിൽ സ്വർണം നേടിയ ഓജസ് പ്രവീൺ ദേവ്‌ത്തലെയെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

**********************************

## ANURAG - ASIAN GAMES

ഏഷ്യൻ ഗെയിംസിലെ ഇന്ത്യയുടെ നൂറാം മെഡൽ നേട്ടത്തിൽ കായികതാരങ്ങളെ അഭിനന്ദിച്ച് കേന്ദ്ര കായികമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടും വിദഗ്ധ സൗകര്യങ്ങളും കളിക്കാരുടെ കഠിനാധ്വാനവുമാണ് ഇന്ത്യയുടെ ഈ നേട്ടമെന്ന് ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ഭാവിയിലെ കായിക താരങ്ങൾക്ക് പ്രചോദനമാണ് ഏഷ്യൻ ഗെയിംസ് താരങ്ങളെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**********************************

## HEADLINE – 2

## GST

ജി എസ് ടി കൗൺസിലിന്റെ 52-ാമത് യോഗം പുരോഗമിക്കുന്നു. ന്യൂഡൽഹിയിലെ സുഷമാ സ്വരാജ് ഭവനിലാണ് യോഗം. യോഗത്തിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ അധ്യക്ഷത വഹിക്കുന്നു. കേന്ദ്ര സഹമന്ത്രി പങ്കജ് ചൗധരി, സംസ്ഥാനങ്ങളിൽ നിന്നുള്ള ധനമന്ത്രിമാർ , മുതിർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ സംബന്ധിക്കുന്നു. ജി.എസ്.ടി അപ്പലേറ്റ് ട്രൈബ്യൂണൽ സംബന്ധിച്ച് യോഗം ചർച്ച ചെയ്യുമെന്നാണ് കരുതുന്നത്.

**********************************

## HEADLINE – 3

## UTTARAKHAND-AMIT SHAH VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉത്തരാഖണ്ഡിൽ. തെഹ്‌രി ജില്ലയിലെ നരേന്ദ്ര നഗറിൽ മധ്യമേഖല കൗൺസിലിന്റെ 24-ാമത് യോഗത്തിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരാണ് യോഗത്തിൽ പങ്കെടുക്കുന്നത്. തുടർന്ന് തലസ്ഥാനമായ

ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന 49-ാമത് അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിലും കേന്ദ്ര ആഭ്യന്തരമന്ത്രി പങ്കെടുക്കും.

*********************************

## HEADLINE – 5

## RS 2000

ബാങ്കുകളിൽ നിന്ന് 2000 രൂപാ നോട്ട് മാറ്റിയെടുക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അക്കൌണ്ടില്ലാത്ത ബാങ്കുകളിൽ ഉൾപ്പെടെ ഒരേ സമയം പരമാവധി പത്ത് നോട്ടുകൾ മാറ്റാം. തിങ്കളാഴ്ച മുതൽ തിരുവനന്തപുരമടക്കം റിസർവ്വ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകളിലൂടെ മാത്രമെ നോട്ട് മാറ്റിയെടുക്കാനാകൂ.

*********************************

## HEADLINE – 3 (A)

## AMIT SHAH - LWE MEETING

രാജ്യത്ത് നിന്ന് അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഇടതുപക്ഷ തീവ്രവാദം പൂർണമായും തുടച്ചുനീക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഇന്നലെ ഡൽഹിയിൽ ഇടതുപക്ഷ തീവ്രവാദത്തെക്കുറിച്ചുള്ള അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നക്സലിസം മനുഷ്യരാശിയുടെ ശാപമാണെന്ന് ശ്രീ ഷാ പറഞ്ഞു. നക്സൽ ബാധിത പ്രദേശങ്ങളിൽ കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിലെ ഏറ്റവും കുറഞ്ഞ അക്രമസംഭവങ്ങൾക്കും മരണങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷമാണ് 2022. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇടതുപക്ഷ തീവ്രവാദം തടയുന്നതിൽ വിജയം കൈവരിച്ചിട്ടുണ്ടെന്നും ഈ പോരാട്ടം ഇപ്പോൾ നിർണായക ഘട്ടത്തിൽ എത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ഉപമുഖ്യമന്ത്രിമാരും

മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

**********************************

## G-20 PARLIAMENTARY

ജി – 20 പാർലമെൻററി സ്പീക്കർമാരുടെ രണ്ട് ദിവസത്തെ ഉച്ചകോടി ഈ മാസം 13ന് ന്യൂഡൽഹിയിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി സമ്മേളനം ഉദ്ഘാടനം ചെയ്യും. അംഗ രാജ്യങ്ങളിലെ സ്പീക്കർമാരുടെ നേതൃത്വത്തിൽ ആഗോള ഭരണത്തിന് പാർലമെൻററി മാനം കൊണ്ടു വരിക എന്ന ലക്ഷ്യത്തിലാണ് പി-20 രൂപീകരിച്ചത്. ജനാധിപത്യത്തിൻറെ ശക്തി എന്ന വിഷയത്തിലായിരിക്കും ഉദ്ഘാടനസമ്മേളനം നടക്കുകയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർല വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഉച്ചകോടിക്ക് മുന്നോടിയായി പരിസ്ഥിതിക്കനുയോജ്യമായ ജീവിതശൈലി സംബന്ധിച്ച പ്രത്യേക സമ്മേളനം ഈ മാസം 12ന് നടക്കും.

**********************************

## PM-SWAMINATHAN

കാർഷിക ശാസ്ത്രജ്ഞൻ എന്നതിലുപരി പ്രൊഫസർ എം എസ് സ്വാമിനാഥൻ കർഷക ശാസ്ത്രജ്ഞനായിരുന്നെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന ഇന്ത്യയെ ഭക്ഷ്യസ്വയംപര്യാപ്ത രാഷ്ട്രമാക്കി മാറ്റിയത് കാർഷികരംഗത്തെ അദ്ദേഹത്തിന്റെ സംഭാവനകളാണെന്നും നരേന്ദ്രമോദി ഡോട്ട് ഇൻ എന്ന ബ്ലോഗിൽ പ്രധാനമന്ത്രി കുറിച്ചു.

**********************************

## HEADLINE – 4

## ECI – OBSERVERS MEETING

സ്വതന്ത്രവും നീതിയുക്തവും സമഗ്രവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ ഏകോപിത പ്രവർത്തനങ്ങൾ നടത്തണമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ്

കുമാർ തെരഞ്ഞെടുപ്പ് നിരീക്ഷകരോട് ആവശ്യപ്പെട്ടു. ന്യൂഡൽഹിയിൽ തെരഞ്ഞെടുപ്പ് നിരീക്ഷകരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മിസോറാം, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് ആസന്നമായ സാഹചര്യത്തിലാണ് യോഗം ചേർന്നത്.

*********************************

## HEADLINE – 6

## SIKKIM-FLOOD (INTRO)

സിക്കിമിലെ മിന്നൽ പ്രളയത്തിലുണ്ടായ നാശ നഷ്ടങ്ങൾ വിലയിരുത്താൻ കേന്ദ്ര മന്ത്രിതല സംഘം രൂപീകരിച്ചു. സംഘം ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് കൂടുതൽ കേന്ദ്ര സഹായം അനുവദിക്കും. ദുരന്തത്തിൽ കാണാതായ സൈനികർ ഉൾപ്പെടെ 141 പേർക്കുള്ള തെരച്ചിൽ തുടരുകയാണ്. ദുരന്തത്തിൽ മരണസംഖ്യ 27 ആയി.

**വിശദാംശങ്ങളിലേക്ക് ....**

(വോയ്സ്)

*ബുധനാഴ്ചയുണ്ടായ മേഘസ്ഫോടനത്തെ തുടർന്നാണ് സിക്കിമിൽ വെള്ളപ്പൊക്കമുണ്ടായത്. ദുരന്തത്തിൽ 1200 ഓളം വീടുകൾ തകർന്നു. 13 പാലങ്ങളാണ് ഒളിച്ചു പോയത്. രക്ഷാപ്രവർത്തനങ്ങൾക്ക് ദേശീയ ദുരന്ത നിവാരണ സേനയുടെയും, വ്യോമസേനയുടെയും സഹായം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രദേശത്ത് ഗതാഗതം പൂർണ്ണമായും പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ദുരന്തത്തെ തുടർന്നുണ്ടായ കെടുതികൾ വിലയിരുത്താൻ സിക്കിം മുഖ്യമന്ത്രി പി എസ് തമാങിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച അദ്ദേഹം പ്രളയ ബാധിത കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ*

*ധനസഹായം പ്രഖ്യാപിച്ചു. ദുരന്തബാധിത പ്രദേശങ്ങൾക്കായി സിക്കിം ഊർജ ലിമിറ്റഡുമായി സഹകരിച്ച് പ്രത്യേക സാമ്പത്തിക ദുരിതാശ്വാസ പാക്കേജിന് സർക്കാർ രൂപം നൽകിയതായി അദ്ദേഹം അറിയിച്ചു. സിക്കിമിന് അടിയന്തരസഹാമായി കേന്ദ്രസർക്കാർ 45 കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു.*

***ന്യൂസ് ഡെസ്ക്, ആകാശവാണി.........***

**********************************

## SHINDE-GOREGAON FIRE

മുംബൈയിലെ ഗോരേഗണിൽ കെട്ടിട സമുച്ചയത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ അഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് സർക്കാർ ചെലവിൽ ചികിത്സയും നൽകും. മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ ചികിത്സയിലുള്ളവരെ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എസ്ആർഎ പോലുള്ള കെട്ടിടങ്ങളുടെ ഫയർ ഓഡിറ്റ് വേഗത്തിലാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. തീപിടിത്തത്തിൽ ഏഴ് പേർ മരിക്കുകയും 40 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കെട്ടിടത്തിന്റെ വിവിധ നിലകളിൽ നിന്നും 30 ഓളം താമസക്കാരെ രക്ഷപ്പെടുത്തിയതായി അഗ്നിശമനസേനാ ഉദ്യോഗസ്ഥർ പറഞ്ഞു.

**********************************

## HEADLINE – 7

## CRICKET WORLD CUP

ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും. ബംഗ്ലാദേശ് ഇപ്പോൾ അഫ്ഗാനിസ്ഥാനെ നേരിടുകയാണ്. ദക്ഷിണാഫ്രിക്ക – ശ്രീലങ്ക മത്സരം ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കും. ഇന്നലെ നടന്ന മത്സരത്തിൽ നെതർലൻറിസിനെതിരെ പാകിസ്ഥാന് 81 റൺസ് വിജയം.

*********************************

## HEADLINE – 1 (B)

## ASIAN GAMES – CRICKET

ഏഷ്യൻ ഗെയിംസ് പുരുഷ വിഭാഗം ക്രിക്കറ്റ് ഫൈനലിൽ ടോസ് നേടിയ ഇന്ത്യ, അഫ്ഗാനിസ്ഥാനെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അഫ്ഗാനിസ്ഥാൻ 14 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 80 റൺസ് എടുത്തിട്ടുണ്ട്.

*********************************

## ISL

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചരയ്ക്ക് ഗോവ ഒഡീഷയെയും രാത്രി എട്ടിന് ചെന്നൈയിൻ FC മോഹൻ ബഗാനെയും നേരിടും.

*********************************

## V. MURALEEDHARAN

പരസ്പര വിശ്വാസം കുറഞ്ഞു വരുന്ന ലോക സാഹചര്യത്തിലും ഇന്ത്യ വളർച്ച കൈവരിക്കുന്നുവെന്നത് അഭിമാനാർഹമെന്ന് കേന്ദ്ര സഹമന്ത്രി വി മുരളീധരൻ. തിരുവനന്തപുരത്ത് ബി ജെ പി പഠന ശിബിരത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് വ്യാപനം, റഷ്യ -ഉക്രൈൻ യുദ്ധം എന്നിങ്ങനെ വിവിധ പ്രതിസന്ധികളിലൂടെയാണ് കഴിഞ്ഞകാലങ്ങളിൽ ലോകം കടന്നുപോയത്. ഇതിന്റെ പ്രത്യാഘ്യാതങ്ങൾ ഇന്ത്യയിലും ഉണ്ടായെങ്കിലും

വളർച്ചയിൽ ഇന്ത്യ പുറകോട്ടു പോയില്ലെന്നും ശ്രീ വി മുരളീധരൻ വ്യക്തമാക്കി.

*********************************

## NEWS CLICK - PTA

ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിച്ച ഓൺലൈൻ മാധ്യമ പോർട്ടലായ ന്യൂസ് ക്ലിക്കിനെതിരെ ചൈനാ അനുകൂല പ്രചാരണത്തിന് വിദേശ സഹായം കൈപ്പറ്റിയെന്ന കേസിൽ പത്തനംതിട്ടയിലും റെയ്ഡ്. ന്യൂസ് ക്ലിക്കിലെ മുൻജീവനക്കാരിയുടെ വീട്ടിലാണ് ഇന്നലെ വൈകുന്നേരം ഡൽഹി പൊലീസ് പരിശോധനയ്ക്കെത്തിയത്.

*********************************

## BOAT ACCIDENT

കേരളത്തിൽ മുനമ്പത്തിന് സമീപം കഴിഞ്ഞദിവസം മത്സ്യബന്ധന ബോട്ട് മുങ്ങി കടലിൽ കാണാതായ നാലുപേരിൽ ഒരാളുടെ മൃതദേഹം കിട്ടി. മാലിപ്പുറം സ്വദേശി ശരത് എന്ന യുവാവിന്റെ മൃതദേഹമാണ് കിട്ടിയത് എന്ന് പോലീസ് അറിയിച്ചു.

************************************************

*********************************

***********************